# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി.കെ.സദാശിവൻ | ശ്രീ.പി.ജെ.ജോസഫ് (ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| **(എ)** കായംകുളം മണ്ഡലത്തിൽ കുട്ടനാട് പാക്കേജിൽ നിർദ്ദേശിച്ചിരുന്നതും, കേന്ദ്ര സർക്കാരിന്റെ ഫ്ളഡ് മാനേജ്മെന്റ് പ്രോഗ്രാമിന്റെ പരിധിയിൽ വരുന്നതുമായ പദ്ധതികൾ ഏതെല്ലാം ആണെന്ന് വിശദമാക്കുമോ; | **(എ)** കുട്ടനാട് പാക്കേജിൽ നിർദ്ദേശിച്ചിരുന്നതു പോലെ ഓണാട്ടുകരയുടെ പുനരുദ്ധാരണത്തിനായി ഓണാട്ടുകരയിലെ തോടുകൾ ആഴം കൂട്ടി തീരം സംരക്ഷിച്ച് ജലനിർഗ്ഗമനം ത്വരിതപ്പെടുത്തി വെള്ളപ്പൊക്കനിവാരണം നടത്തുവാനുള്ള 248 കോടി രൂപാ അടങ്കൽ വരുന്ന വിശദമായ പദ്ധതി റിപ്പോർട്ട് ഡൽഹിയിലുള്ള കേന്ദ്ര ജലകമ്മീഷന്റെ അംഗീകാരത്തിനായി സമർപ്പി ക്കുകയും 17-08-2011-ൽ കൂടിയ കേന്ദ്ര സാങ്കേതിക ഉപദേശക സമിതി ഇതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br>ഇതിൽ കായംകുളം മണ്ഡലത്തിലുള്ള ടി.എ.കനാൽ തെക്ക്, ടി.എ.കനാൽ വടക്ക്, തഴവായിൽ, വെട്ടിക്കോട്ട്, കരിപ്പുഴ എന്നീ കനാലുകളും അതിന്റെ ഉപകനാലുകളും ആഴം കൂട്ടി തീരം സംരക്ഷിച്ച് ജലനിർഗ്ഗമനം ത്വരിതപ്പെടുത്തി വെള്ളപ്പൊക്ക നിവാരണം നടത്തുവാൻ 65.79 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| **(ബി)** ഈ പദ്ധതികളുടെ നിലവിലുള്ള പ്രവർത്തന പുരോഗതി വിശദമാക്കുമോ; | **(ബി)** ടി പദ്ധതിക്ക് കേന്ദ്ര പ്ലാനിംഗ് കമ്മീഷന്റെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് ടെണ്ടർ ചെയ്യാവുന്നതാണ്. |
| **(സി)** ഏതെല്ലാം പാടശേഖരങ്ങൾക്കാണ് സി.ഡബ്ള്യൂ.സി.അപ്രൂവൽ ലഭിച്ചിട്ടുള്ളത്;<br>**(ഡി)** ഇനിയും സി.ഡബ്ള്യൂ.സി അപ്രൂവൽ ലഭിക്കാനുള്ള കായംകുളം മണ്ഡലത്തിലെ പാടശേഖരങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ? | **(സി) & (ഡി)** ടി പദ്ധതി പാടശേഖരത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് തോടുകളുടെ ആഴം കൂട്ടി തീരം സംരക്ഷിച്ച് ജലനിർഗ്ഗമനം ത്വരിതപ്പെടുത്തി പാടശേഖരങ്ങളെ വെള്ളപ്പൊക്കക്കെടുതിയിൽ നിന്നും രക്ഷിക്കുവാനുള്ളതാണ്. ഇത് പൂർത്തിയാകുന്നതോടുകൂടി മണ്ഡത്തിലെ എല്ലാപാടശേഖരങ്ങൾക്കും പ്രയോജനം ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ